LIBRARY ARCHIVES Kerala Legislative Assembly

ഇൻബോർഡ് വള്ളങ്ങൾക്ക് ലൈസൻസ്

228 (1986) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻബോർഡ് വള്ളങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ : എന്ന് വ്യക്തമാക്കുമോ :

(ബി) നാൽപ്പതും അൻപതും ലക്ഷം രൂപ മുടക്കി ഒട്ടേറെ കടബാദ്ധ്യതകൾ വരുത്തി ആവശ്യമായ ഉപകരണങ്ങളുമായി കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇൻബോർഡ് വള്ളങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് 31-3-2010 വരെ സമയം അനുവദിച്ചിരുന്നു. ടി കാലാവധിക്കുള്ളിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള ഇൻബോർഡ് വള്ളങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. 31-3-2010-ന് ശേഷം ലഭിക്കുന്ന അത്തരം അപേക്ഷകളിൽ വസ്തുതകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി&സി) മത്സ്യസമ്പത്തിന്റെ സംരക്ഷണം, യാനങ്ങളുടെ സുരക്ഷ എന്നീ വസ്തുതകൾ കണക്കിലെടുത്ത് ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെയുള്ള യാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട വള്ളങ്ങളുടെ വലിപ്പം, എഞ്ചിന്റെ കുതിരശക്തി, വലയുടെ വലിപ്പം എന്നീ വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 27-12-2010 ലെ സഭ. (സാധാ) നമ്പർ 993/10/മത്സ്യ.വ പ്രകാരം ഒരു കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഇൻസുലേറ്റ് ചെയ്ത ഫിഷ്ബോക്സുകൾ വിതരണം ചെയ്യാൻ നടപടി

229 (1987) ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യക്കച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് ഇൻസുലേറ്റ് ചെയ്ത ഫിഷ്ബോക്സുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതൽ നൽകും ;

(ബി) ഇത്തരം ബോക്സുകളുടെ പ്രത്യേകതകൾ എന്താണ് ; ഒരു ബോക്സിന് എത്ര വില വരുമെന്ന് വ്യക്തമാക്കുമോ :

(സി) മത്സ്യമാർക്കറ്റുകളുടെ പുനരുദ്ധാരണത്തിനായി ഏതെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷനോടുകൂടിയ 50 ലിറ്റർ ശേഷിയുള്ള ഇൻസുലേറ്റഡ് പ്ലാസ്റ്റിക് പെട്ടികളാണ് മത്സ്യകച്ചവടം ചെയ്യുന്ന വനിതകൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധി പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത്. ഇതിന്റെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

Dimensional Specification	:	OD 648 X 408X410 mm
(LxWxH)	:	ID 521 x350x342 mm
Raw material	:	100% Virgin food grade plastic tested and certified by Indian Institute of Packing
Insulator	:	100% PUF insulated
Hinger locks	:	Specially designed stainless steel higers to keep lid in resting position when opened: Stainless steel locking clip

കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിംഗ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം സാക്ഷ്യപ്പെടുത്തിയ അസംസ്കൃത വസ്തു ഉപയോഗിച്ചാണ് ഈ ബോക്സുകൾ നിർമ്മിച്ചിട്ടുള്ളത്. ഒരു ബോക്സിന്റെ വില 1145 (ആയിരത്തി ഒരുന്നൂറ്റി നാൽപ്പത്തിഅഞ്ച്) രൂപയാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധി പദ്ധതി പ്രകാരം കേരളത്തിലെ 9 തീരദേശ ജില്ലകളിലുള്ള മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്ക് മത്സ്യ കച്ചവടം നടത്തുന്നതിനായി 50 ലിറ്റർ ഇൻസുലേറ്റഡ് ബോക്സും പ്രവർത്തനമൂലധനമായി 3500 രൂപയും നൽകുന്നു. മറ്റ് പദ്ധതികളിൽ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത മത്സ്യകച്ചവടം ചെയ്യുന്ന 2702 വനിതകൾക്കാണ് ഈ ആനുകൂല്യം നൽകി വരുന്നത്.

(സി) ഉണ്ട്. മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഈ വർഷം ഈ ആവശ്യത്തിലേക്കായി 350 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly